**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7632

15.07.2014 - ൽ മറുപടി നൽകേണ്ടിയിരുന്നത്

**കമ്പനി ബോർഡ്/കോർപ്പറേഷനിലേയ്ക്കുള്ള അസിസ്റ്റന്റ് നിയമനം**

ചോദ്യം

ശ്രീ. കെ. എം. ഷാജി

(എ) പ്രധാനപ്പെട്ട എല്ലാ തസ്തികളിലേക്കും റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാൻ പി. എസ്. സി. യോട് ശുപാർശ ചെയ്തിട്ടും വിവിധ കമ്പനി/ബോർഡ്/ കോർപ്പറേഷനുകളിലേക്കുള്ള അസിസ്റ്റന്റ് നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് എത്രയും പെട്ടെന്ന് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി
ബഹു. മുഖ്യമന്ത്രി

(എ) യും (ബി) യും

വിവിധ കമ്പനി / ബോർഡ്/ കോർപ്പറേഷനുകളിലേക്കുള്ള ജൂനിയർ അസിസ്റ്റന്റ്/ കാഷ്യർ /അസിസ്റ്റന്റ് ഗ്രേഡ്-II (category No.489/2011) തസ്തികയുടെ സാധ്യതാപട്ടിക 23.05.2014 -ന് പ്രസിദ്ധീകരിച്ചിരുന്നു. ഈ തസ്തികയുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് കൊല്ലം മേഖലാ ഓഫീസിൽ ആയതിനാൽ അനുബന്ധ രേഖകൾ ടി ഓഫീസിലേക്ക് കൈമാറിയിരിക്കുകയാണ്. 14054 പേർ ഉൾപ്പെട്ട ടി സാധ്യതാപട്ടികയിലെ 48 വികലാംഗ ഉദ്യോഗാർത്ഥികൾ ഒഴികെയുള്ള 14006 ഉദ്യോഗാർത്ഥികളുടെ അസ്സൽ പ്രമാണ പരിശോധന കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ ജില്ലാ, മേഖലാ ഓഫീസുകളിലായി 2014 ജൂലൈ 15 മുതൽ 25 വരെ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. റാങ്ക് പട്ടിക സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പ്രമാണ പരിശോധന കഴിയുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്. കെ. എസ്. ആർ. ടി.സി. ഉൾപ്പെടുന്ന കമ്പനി/ കോർപ്പറേഷനുകളിലേക്കുള്ള അസിസ്റ്റന്റ് ഗ്രേഡ് / ജൂനിയർ അസിസ്റ്റന്റ് (category No.490/2011) തസ്തികയുടെ സാധ്യതാപട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ